# ഒരു ചെറിയ കാര്യം

സി. ജെ. തോമസ്



ഒരു ചെറിയ കാര്യം
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: An optimist and a pessimist, a painting by Vladimir Makovsky (1846–1920). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഒരു ചെറിയ കാര്യം



ഒലിവർ ക്രോംവെൽ

സകല രാഷ്ട്രീയനേതാക്കന്മാരും മൗലികമായി യാഥാസ്ഥിതികന്മാരാണ്. കൊടുമ്പിരികൊണ്ട വിപ്ലവം പ്രസംഗിക്കുന്ന ഇടതുപക്ഷക്കാരും ഈ തത്ത്വത്തിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നില്ല. ഈ പ്രസ്താവനയിൽ അല്പം അസാധാരണത്വമുണ്ടെങ്കിലും ഇത് അക്ഷരംപ്രതി ശരിയാണ്.

സാധാരണഗതിയിൽ നാം വിപ്ലവകാരികളെന്നു സംബോധനചെയ്യുന്നതു രാഷ്ട്രീയനേതാക്കന്മാരെ മാത്രമാണ്. ഒലിവർ ക്രോംവെൽ, ഭഗത് സിങ്, സ്റ്റാലിൻ ഇവരെല്ലാം വിപ്ലവകാരികളാണ്. പക്ഷേ, വാൻഗോഗ്, അപ്ടൻ സിൻക്ലെയർ, ഐൻസ്റ്റീൻ എന്നിവരെ ആരും വിപ്ലവകാരികളെന്നു വിളിക്കാറില്ല. വിപ്ലവമെന്ന വാക്കിനെപ്പറ്റി നമുക്കുള്ള അജ്ഞതയാണിതിനൊക്കെ കാരണം. കൊടിയുംപിടിച്ച് ജാഥ നടത്തുന്ന നേതാവിനെയും, പോലീസ് സ്റ്റേഷൻ ആക്രമിക്കുന്ന സഖാവിനെയും നാം വിപ്ലവകാരികളായി കണക്കാക്കുന്നത്, അവർ നടത്തുന്ന 'വിപ്ലവം' നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നതു



ഭഗത് സിങ്

കൊണ്ടാണ്. ഒരു 'പുതിയ സാമൂഹ്യഘടന' എന്ന ആദർശം സാധാരണക്കാരൻ ഭാവന ചെയ്യാവുന്നതാണ്. പക്ഷേ, ഒരു പുതിയ ചിത്രണസമ്പ്രദായം എന്നു പറഞ്ഞാൽ അതിൽ യാതൊരു തീയും പുകയും നമുക്ക് കാണാൻ കഴിയുകയില്ല. ഭരിച്ചുകൊണ്ടിരുന്ന ഗവണ്മെന്റിനെ തകിടം മറിക്കുന്നത് വിപ്ലവമാണ്. പ്രകാശരശ്മികൾക്ക് തൂക്കമുണ്ടെന്ന് കണ്ടുപിടിക്കുന്നതിൽ യാതൊരു വിപ്ലവവും ഇല്ല. ചുരുക്കിപ്പറഞ്ഞാൽ, അറിവിൽത്തന്നെ പരിവർത്തനമുണ്ടാക്കുന്നതും മനുഷ്യന്റെ ബോധത്തെത്തന്നെ ഇളക്കിത്തീർക്കുന്നതുമായ പുതിയ ചിന്താഗതികളുടെ പ്രാധാന്യം ഏറ്റവും ശക്തിമത്താണെങ്കിലും അതിസൂക്ഷ്മമായതുകൊണ്ട് നമുക്ക് കാണാൻവയ്യ. കലാകാരനും ശാസ്ത്രജ്ഞനും തത്ത്വജ്ഞാനിയും വിപ്ലവകാരികളാണ്. പക്ഷേ, അവരുടേത് അംഗീകരിക്കപ്പെടാത്ത വിപ്ലവമാണെന്നുമാത്രം. രാഷ്ട്രീയവിപ്ലവങ്ങൾക്ക് പ്രാധാന്യമില്ലെന്നർത്ഥമില്ല. കാലത്തിന്റെയും വ്യാപ്തിയുടേയും കാര്യത്തിൽ അവ ഉപരിപ്ലവങ്ങളാണെന്നുമാത്രം.



മയാക്കോവ്സ്കി

അടിസ്ഥാനപരമായ വിപ്ലവങ്ങൾ (മാനസികം) നിരന്തരമാണ്; അവ യാതൊരു ക്ലിപ്തലക്ഷ്യത്തിലേക്കുമല്ല പുരോഗമിക്കുന്നത്. എന്നുമൊരു 'നാളെ'യുള്ള കൂട്ടരാണവർ. രാഷ്ട്രീയക്കാരോ, വ്യക്തമായ ഒരാവശ്യത്തിലേക്കാണു പോകുന്നത്. അതു ലഭിച്ചുകഴിഞ്ഞാൽ വിപ്ലവവും നിലച്ചു. ഫ്യൂഡൽകാലത്തെ വിപ്ലവകാരിയായ മുതലാളി, മുതലാളിത്ത സ്ഥാപനത്തോടുകൂടി യാഥാസ്ഥിതികനായി. മുതലാളിത്ത കാലത്തെ സോഷ്യലിസ്റ്റ് തൊഴിലാളി ഭരണം സ്ഥാപിച്ചാൽ പിന്നെ യാഥാസ്ഥികനാകും (ഇത് നല്ലതോ ചീത്തയോ എന്ന് ഇവിടെ അന്വേഷിക്കുന്നില്ല. ഇതൊരു വാസ്തവമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്). ഇതുകൊണ്ടാണ്, ഏറ്റവും തീവ്രവാദിയായ രാഷ്ട്രീയവിപ്ലവകാരിയും മൗലികമായി യാഥാസ്ഥിതികനാണെന്ന് അഭിപ്രായപ്പെട്ടത്. ഇന്നു നിലവിലുള്ളതിനെ അവനു നിലനിർത്തണമെന്ന് ആഗ്രഹമില്ല. പക്ഷേ, നാളെ വരാൻപോകുന്ന എന്തോ ഒന്നു മറ്റന്നാളേയ്ക്കു നിലനിറുത്തണമെന്ന് അവൻ കച്ചകെട്ടിയിട്ടുണ്ട്. അധികാരഭ്രമത്തെ, കമ്മ്യൂണിസ്റ്റുകാർപോലും 'പിന്നെ അധികാരം കിട്ടാതെ എന്താ ചെയ്യുക?' എന്ന ചോദ്യം മുഖേന നീതീകരിക്കുന്നത് ഈ ചിന്താഗതിക്കൊരു ഉദാഹരണമാണ്.

കമ്മ്യൂണിസത്തിനപ്പുറമുള്ള സാമൂഹ്യഘടനയിൽ മാറ്റമുണ്ടാവില്ലെന്ന വാദഗതിതന്നെ മാർക്സിന് വിരുദ്ധമാണ്. ദൈനംദിനജീവിതത്തിന്റെ പ്രതിഫലനം മാത്രമാണ് രാഷ്ട്രീയകാര്യങ്ങൾ എന്നത് ശരിയാണെങ്കിൽ കമ്മ്യൂണിസ്റ്റ് രാ



അപ്ടൻ സിൻക്ലെയർ

ഷ്ട്രത്തിൽക്കൂടി മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. കാരണം, വിപ്ലവം കഴിഞ്ഞാലും, ഉല്പാദനരീതികളും മറ്റും മൗലികമായി മാറിക്കൊണ്ടിരിക്കുമെന്നതുതന്നെ. ഒരതിർത്തിവരെ (ചില കാര്യങ്ങളിൽ) കമ്മ്യൂണിസ്റ്റുകാരും വിപ്ലവകാരികളാണ്. പക്ഷേ, അവർക്കൊരു കാലപരിമിതിയുണ്ട്. കലാകാരനും തത്ത്വജ്ഞാനിയും ശാസ്ത്രജ്ഞനും ഇത്തരം ഒരു പരിമിതിയും അംഗീകരിക്കാൻ നിവൃത്തിയില്ല.



ഗോർക്കി

അന്നന്നുള്ള ഭരണരീതിയേയും മറ്റും നിലനിറുത്തണമെന്ന നിർബ്ബന്ധമുള്ളവരാണ് രാഷ്ട്രീയനേതാക്കന്മാർ. ചിന്തകന്മാരോ, അതിനപ്പുറം പോയേ തീരൂ എന്ന് വിശ്വസിക്കുന്നവരും. അതുകൊണ്ടു യാതൊരു കാലത്തും ഭരണകർത്താക്കൾ അതതുകാലത്തെ തത്ത്വജ്ഞാനികളെ അംഗീകരിക്കുകയില്ല. സർക്കാർ അംഗീകരണം ലഭിക്കുന്ന യാതൊരു ചിന്തകനും പ്രയോജനമുള്ളവനല്ലതാനും. സോഷ്യലിസ്റ്റ് രാഷ്ട്രത്തിലും അങ്ങനെയായിരിക്കും. റഷ്യയിൽ മയാക്കോവ്സ്കിക്കും ഗോർക്കിക്കും നേരിടേണ്ടിവന്ന പ്രശ്നങ്ങൾ ഇതുതന്നെയാണെന്നു വിചാരിക്കാൻ ന്യായമുണ്ട്.

അതുകൊണ്ട് തങ്ങളുടെ സ്വന്തം ചുമതല സത്യത്തിന്റെ നിയന്ത്രണമനുസരിച്ചുമാത്രം ചെയ്തുതീർക്കണമെന്ന നിർബ്ബന്ധമുള്ളയാതൊരു കലാകാരനും, ശാസ്ത്രജ്ഞനും, താത്ത്വികനും, തങ്ങളുടെ പ്രവർത്തനങ്ങൾ രാഷ്ട്രീയപ്രസ്ഥാനങ്ങ



സ്റ്റാലിൻ

ളുടെ അതിരുകൾക്കുള്ളിൽ പരിമിതപ്പെടുത്തുവാൻ നിവൃത്തിയില്ല. അങ്ങനെ സർവ്വതന്ത്രസ്വതന്ത്രമായി ചിന്തിക്കുമ്പോൾ ചിന്തകൻ വല്ലയിടത്തും തെറ്റിയെന്നുവരാം. പക്ഷേ, അതുകൊണ്ട് അവൻ രാഷ്ട്രീയനേതാവിന്റെ വരയിൽക്കൂടി നടക്കണമെന്നില്ല. പ്രായേണ അത് അന്ധൻ കോങ്കണ്ണനെ വഴികാണിക്കുന്നതു പോലെയായിരിക്കും. അല്ലെങ്കിൽത്തന്നെ, രാഷ്ട്രീയനേതാവ് രാഷ്ട്രീയ തകിടംമറിച്ചിലുകൾ നടത്തുമ്പോഴെല്ലാം അതനുസരിച്ച് ജീവിതവീക്ഷണം മാറ്റാനും ചിന്തകനു കഴിവുണ്ടായിരിക്കുകയില്ല. സ്വന്തം തെറ്റിന്റെ കൂട്ടത്തിൽ മറ്റുള്ളവന്റെ ഭാണ്ഡംകൂടി അവൻ പേറണമെന്നില്ലല്ലോ.

ഒരു ചെറിയ നാട്ടുകാര്യംകൂടി, കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർ കുറെനാളായിട്ട് സാഹിത്യകാരന്മാർക്ക് ചില ബഹുമതികൾ സമ്മാനിച്ചുകൊണ്ടിരിക്കുകയായിരുന്നല്ലോ. ഇപ്പോൾ, കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ നയം കടകവിരുദ്ധമായി മാറ്റുകയാണെന്നു കേൾ



ഐൻസ്റ്റീൻ

ക്കുന്നു. ഈ മാറ്റത്തോടെ അവർ സാഹിത്യകാരന്മാരുടെ നേരെ എടുത്തഭാവവും അടവുകളും മാറ്റുമെന്ന് പലരും ആശിക്കുന്നുണ്ട്. അതൊരു വ്യാമോഹമാണ്. അവർക്കിനിയും സ്നേഹിതന്മാരേയും ശത്രുക്കളേയും തിരിച്ചറിയാൻ കഴിവുണ്ടായിട്ടില്ല. അധികാരവേട്ടയ്ക്കിടയിൽ ചിന്താപരമായ കാര്യങ്ങളെപ്പറ്റി അന്വേഷിക്കാൻ അവർക്കു സമയമില്ല. കഴിവുള്ള സാഹിത്യകാരനും രാഷ്ട്രീയക്കാരനും (മുദ്രയേതായാലും) തമ്മിലുള്ള വൈരുധ്യം തുടരുകതന്നെ ചെയ്യും. ഈ പരമാർത്ഥം, സകല സാഹിത്യകാരന്മാരും പിന്തിരിപ്പൻമാരാണെന്നുവാദിക്കാനുള്ള ന്യായമായി രാഷ്ട്രീയക്കാരൻ ഉന്നയിക്കുകയും ചെയ്യും. എല്ലാക്കാലവും ന്യൂനപക്ഷത്തിൽ നില്ക്കുവാനും അധികാരിവർഗ്ഗത്തിന്റെ തല്ലുകൊള്ളുവാനും തയ്യാറുള്ള സാഹിത്യകാരനുമാത്രമേ സ്വന്തം ചിന്താസ്വാതന്ത്ര്യം പരിപാലിക്കുവാനും അതുവഴി കാര്യമായി എന്തെങ്കിലും ചെയ്യുവാനും കഴിവുണ്ടാകയുള്ളൂ.

മംഗളോദയം 1949.
ഇവൻ എന്റെ പ്രിയപുത്രൻ 1953.

□

# സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBRARY
*empowering the author …*

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014